


# രക്ഷകനെ കാത്തിരുന്ന ജനം

5

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

പാഠം

# സ്വാതന്ത്ര്യത്തിലേക്ക്



ഇസ്രായേൽക്കാരുടെ കഷ്ടപ്പാടുകൾ ഓരോ ദിവസവും വർദ്ധിച്ചു വന്നു. മോശയും അഹറോനും ഫറവോയുടെ അടുത്തു ചെന്നു കർത്താവ് കല്പിച്ചതുപോലെ പ്രവർത്തിച്ചു.

**പത്തു ബാധകൾ:**

1. **ജലം രക്തമായി മാറുന്നു.**
2. **തവളകൾ വ്യാപിക്കുന്നു.**
3. **പേൻ പെരുകുന്നു.**
4. **ഈച്ചകൾ വർദ്ധിക്കുന്നു.**
5. **മൃഗങ്ങൾ ചത്തൊടുങ്ങുന്നു.**
6. **വ്രണങ്ങൾ ബാധിക്കുന്നു.**
7. **കന്മഴ വർഷിക്കുന്നു.**
8. **വെട്ടുകിളികൾ നിറയുന്നു.**
9. **അന്ധകാരം വ്യാപിക്കുന്നു.**
10. **ആദ്യജാതരെ വധിക്കുന്നു.**

## ആദ്യജാതരുടെ മരണം

9 ബാധകൾ അയച്ചിട്ടും ഫറവോ ഇസ്രായേൽക്കാരെ വിട്ടയച്ചില്ല. ഒടുവിൽ ദൈവം പത്താമത്തെ ശിക്ഷ നൽകാൻ തീരുമാനിച്ചു.

## പെസഹാ ആചരണം

ദൈവം മോശയോടും അഹറോനോടും പെസഹാ ആചരിക്കേണ്ടത് എങ്ങനെയെന്ന് അരുളിച്ചെയ്തു (പുറ. 12:1–4) ദൈവം നിർദ്ദേശിച്ചതനുസരിച്ച് ഇസ്രായേൽ പെസഹാ ഒരുക്കി. അന്നു രാത്രി ദൈവം ഈജിപ്തിലെ എല്ലാ ആദ്യജാതരേയും വധിച്ചു.

**ആ രാത്രിയിൽ തന്നെ ഫറവോ ഇസ്രായേൽ ജനത്തിനു കർത്താവിനെ ആരാധിക്കുവാൻ പോകാൻ അനുമതി നല്കി.**

## കടൽ കടക്കുന്നു

ഇസ്രായേൽക്കാർ അവരുടെ ആടുമാടുകളൊപ്പം കടലിനു സമീപത്തെത്തി.



ഇസ്രായേൽക്കാർ ഈജിപ്തുവിട്ടു കഴിഞ്ഞപ്പോൾ ഈജിപ്തുകാരുടെ മനസ്സു മാറി. ഇസ്രായേൽക്കാരെ തിരികെ കൊണ്ടുവരുവാൻ തീരുമാനിച്ചു. സൈന്യം തങ്ങളെ പിന്തുടരുന്നുവെന്നു മനസ്സിലാക്കിയ മോശ ദൈവത്തോടു സഹായം അപേക്ഷിച്ചു. ദൈവം നിർദ്ദേശിച്ച പ്രകാരം മോശ വടിയെടുത്തു കടലിനു മീതെ നീട്ടിയപ്പേൾ കടലിനു നടുവിലൂടെ വഴിതെളിഞ്ഞു. ഇസ്രായേൽക്കാർ അതിലൂടെ രക്ഷപെട്ടു. ഫറവോയും സൈന്യവും വെള്ളം നിറഞ്ഞപ്പോൾ മുങ്ങിച്ചത്തു.

# പെസഹാത്തിരുനാൾ

- പെസഹാ – കടന്നുപോകൽ ഈജിപ്തിൽ നിന്നുള്ള മോചനത്തിന് ഒരുക്കമായി ദൈവം ഇസ്രായേൽക്കാരോടു പെസാഹാ ഭക്ഷിക്കു വാൻ ആവശ്യപ്പെട്ടു.
- പുതിയനിയമജനമായ നമ്മളും പെസഹാത്തിരുനാൾ ആചരിക്കുന്നുണ്ട്. ദൈവം മോശയിലൂടെ നേരിട്ടു പ്രവർത്തിച്ചാണ് ഇസ്രായേൽക്കാരെ രക്ഷപ്പെടുത്തിയത്.
- ദൈവത്തെ കൂടുതൽ സ്നേഹിക്കാനും അനുസരിക്കാനും നാം പരിശ്രമിക്കണം.



# നമുക്കു പ്രാർത്ഥിക്കാം

**ഫറവോയുടെ ആധിപത്യത്തിൽനിന്ന് ഇസ്രായേലിനെ രക്ഷിച്ച ദൈവമേ, തിന്മയുടെ ബന്ധനങ്ങളിൽ നിന്നു ഞങ്ങളെ രക്ഷിച്ചു പരിപാലിക്കണമേ**



# നമുക്കു പാടാം

ദിനങ്ങളോരോന്നു കടന്നുപോകവേ,
മനം കുളിർത്തവർ കടന്നുപോകയായ്,
അടിമകൾ സർവസ്വതന്ത്രരാകുവാൻ,
അടിതെറ്റാതിനിയതിർത്തികാണുവാൻ.

നയിച്ചുനേർവഴി ദൈവമാക്കടൽ
മുറിച്ചു പാതകളൊരുക്കി രാപകൽ
അനേകബാധകളകറ്റി, ഭക്ഷണം
അവർക്കുനൽകുവാൻ തുറന്നുവീഥികൾ

കടന്നുപോകലിൻ ദിനം കുറിക്കവേ
കതകിൽ രക്തത്തിന്നടയാളം കണ്ടു.
പെസഹയാണിതു മഹത്ത്വരൂപന്റെ
പരമശക്തിയീദിനമുണർത്തുന്നു.

# ദൈവവചനം വായിക്കാം, വിവരിക്കാം

**ഈജിപ്തിലെ ആദ്യജാതരെ വധിക്കുന്ന സംഭവം വിവരിക്കുക**

# വഴികാട്ടാൻ ഒരു തിരുവചനം

**‘കർത്താവ് എന്റെ ശക്തിയും സംരക്ഷകനുമാകുന്നു.**
**അവിടുന്ന് എനിക്കു രക്ഷയായി ഭവിച്ചിരിക്കുന്നു’.**

**പുറപ്പാട് 11:1–10**

# എന്റെ തീരുമാനം

**ദൈവത്തിലാശ്രയിച്ചു പ്രശ്നങ്ങളെ തരണം ചെയ്ത മോശയെപ്പോലെ ഞാനും ജീവിത്തിലുണ്ടാകുന്ന പ്രശ്നങ്ങളിൽ ദൈവത്തിൽ ആശ്രയിക്കും.**

# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* നമ്മെ രക്ഷിക്കാൻ ദൈവം മറ്റുള്ളവരിലൂടെ പ്രവർത്തിക്കും.

* ഈശോയെ നൽകിക്കൊണ്ടു ദൈവം നമ്മെ പാപത്തിൽ നിന്നു മോചിപ്പിച്ചു.



# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* ദൈവത്തിന്റെ നിർദ്ദേശങ്ങൾ അനുസരിക്കാൻ നാം കടപ്പെട്ടവരാണ്.

* നമ്മുടെ രക്ഷകനായി ഈശോയെ നൽകിയ ദൈവത്തെ നാം കൂടുതലായി സ്നേഹിക്കണം.



## സ്വന്തമാക്കേണ്ട ശീലങ്ങൾ

* പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അവ പരിഹരിക്കാൻ ഞാൻ ദൈവത്തിൽ ആശ്രയിക്കും.


THANK
YOU